(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതിൽ പത്താം ക്ലാസ്സ് തോറ്റവർ, ജയിച്ചവർ, പ്ലസ്ടു, ഡിഗ്രി, പി.ജി. ജയിച്ചവർ, ബി.എഡ്. യോഗ്യതയുള്ളവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

പത്താംതരം താഴെ - 1868, പത്താം തരം - 35,35,186, ഹയർ സെക്കന്ററി - 19,78,740, ബിരുദം - 6,66,045, ബിരുദാനന്തര ബിരുദം - 1,60,008, ബി.എഡ് ബിരുദം - 90,120.

(സി) എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, നഴ്സിംഗ്, എം.ബി.എ, ആയുർവ്വേദ, ഹോമിയോ ഡോക്ടർമാർ, എം.സി.എ. ബിരുദധാരികൾ, നിയമ, കാർഷിക, വെറ്ററിനറി ബിരുദധാരികൾ എന്നീ വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഡോക്ടർ (ആധുനിക വൈദ്യം) - 1548, ആയുർവ്വേദം - 4223, ഹോമിയോ - 2278, എഞ്ചിനീയറിംഗ് ബിരുദം (വിവിധം)-53796, നിയമ ബിരുദം - 819, വെറ്ററിനറി സയൻസ് ബിരുദം - 739, കാർഷിക ബിരുദം - 861, നഴ്സിംഗ് - 21,778, എം.ബി.എ. ബിരുദം - 8,412, എം.സി.എ. ബിരുദം - 4,579.

**ഐ. ടി. ഐ.-കളുടെ നവീകരണം**

260(4270) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. റ്റി. ഐ. -കളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ നിലവാരം ഉയർത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനും പദ്ധതിയുണ്ടോ?

പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് ഐ.ടി.ഐ.-കളെയും കിഫ്ബി ധനസഹായത്തോടെ ധനുവച്ചപുരം, കൊയിലാണ്ടി, മലമ്പുഴ, ഏറ്റുമാനൂർ, കണ്ണൂർ, ചെങ്ങന്നൂർ, കട്ടപ്പന, ചാലക്കുടി, കയ്യൂർ, ചന്ദനത്തോപ്പ് എന്നീ 10 ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ പ്രോഗ്രാമിന്റെ മാനദണ്ഡം അനുസരിച്ച് വിവിധ യൂണിറ്റുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; എത്ര യൂണിറ്റുകൾക്ക് പ്രസ്തുത അഫിലിയേഷൻ നേടിയെടുക്കാനായിട്ടുണ്ട്; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

NSQF പാഠ്യപദ്ധതി പ്രകാരമുള്ള ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിന് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ നിശ്ചിത മാനദണ്ഡപ്രകാരമുള്ള ഉപകരണങ്ങളും യന്ത്ര സാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിനു ശേഷം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (DGT) അഫിലിയേഷൻ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. തുടർന്ന് ഡി.ജി.റ്റി.-യുടെ നിർദ്ദേശാനുസരണം ഡി.ജി.റ്റി. പ്രതിനിധി, വകുപ്പ് പ്രതിനിധി, ഇൻഡസ്ട്രിയൽ പ്രതിനിധി, വകുപ്പിനു പുറത്തു നിന്നുള്ള ഒരു സാങ്കേതിക വിദഗ്ദ്ധൻ എന്നിവരടങ്ങുന്ന ഒരു ജോയിന്റ് ഇൻസ്പെക്ഷൻ കമ്മിറ്റി ഡി.ജി.റ്റി.-യുടെ നിർദ്ദേശാനുസരണം സ്ഥാപനത്തിൽ പരിശോധന നടത്തുകയും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ട്രേഡ്/യൂണിറ്റുകളുടെ ഭൗതിക സാഹചര്യങ്ങൾ എന്നിവ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, സിലബസ് എന്നിവയുടെ അടിസ്ഥാനത്തിൽ തൃപ്തികരമാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വ്യാവസായിക പരിശീലന വകുപ്പിന്റെ ശിപാർശ കത്തുൾപ്പെടെ ഡി.ജി.റ്റി.-ക്ക് നൽകുകയും ചെയ്യുന്നു. ഡി.ജി.റ്റി.ടി റിപ്പോർട്ട് എൻ.സി.വി.ടി. അഫിലിയേഷൻ സബ് കമ്മിറ്റി മീറ്റിംഗിൽ പരിഗണനയ്ക്കെടുത്ത് അഫിലിയേഷൻ നൽകുകയോ നിരാകരിക്കുകയോ ചെയ്യുന്നു. മേൽ നടപടികളാണ് അഫിലിയേഷൻ നേടിയെടുക്കുന്നതിനായി കൈക്കൊണ്ടുവരുന്നത്. ഇതിൻപ്രകാരം സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കളിലെ വിവിധ NSQF അധിഷ്ഠിത ട്രേഡുകളുടെ 627 യൂണിറ്റുകൾക്ക് NCVET അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

(സി) കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സാദ്ധ്യത കൂടിയ കോഴ്സുകൾ ആരംഭിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വിവിധ ഐ.ടി.ഐ.-കളിൽനിന്ന് ലഭ്യമായ ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉൾപ്പെട്ട ഒരു ടീമിനെ വ്യാവസായിക പരിശീലന വകുപ്പിൽ നിയോഗിച്ചിട്ടുണ്ട്.

(ഡി) പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി യെടുത്തിട്ടുണ്ടോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി ഡയറക്ടേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018 കാലയളവിൽ 10836 ട്രെയിനികൾക്കും 2019 കാലയളവിൽ 10913 ട്രെയിനികൾക്കും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. 2020-ൽ കോവിഡ് പശ്ചാത്തലത്തിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായിട്ടില്ല.